# സംഭാവന

മുഹമ്മദ് ജെആർ

സാഹിത്യലോകത്തേക്കൊരു

# സംഭാവന

മുഹമ്മദ് ജെ.ആർ

(ബദ്റുൽ മുനീർ)

# ഉള്ളടക്കം

ആമുഖം.....5

നന്ദി.....6

ജീവിതത്തിന്റെ ഇക്വേഷൻ.....8

കാറ്റിന് പറയാനുള്ളത്.....12

ഉണരുവിൻ.....18

വേദന.....19

വൈകാരികം പ്രണയം.....20

തീരാനോവ്.....24

പ്രാണൻ.....24

നീയെന്ന പാതി.....25

ചങ്ങാതി.....27

ഒറ്റപ്പെടാത്തവർ........................................................28

വികാരം...........................................................30

കാമുകി...........................................................31

ബിരുദം...........................................................33

കലികാലം..........................................................34

സ്ത്രീയെന്നാൽ......................................................36

# ആമുഖം

ഞാൻ എഴുതുന്ന കൃതികൾ മറ്റുള്ളവരുടെ മനസകം കവരുന്നത്രയും മനോഹരമായിരിക്കില്ല. എന്റെ ജീവിതം എന്നെ പഠിപ്പിച്ച പാഠങ്ങളിൽ സർഗാത്മകത ചേർത്ത് രചിച്ച ഒരു ചെറു പുസ്തകം മാത്രമമാണ് ഇത്. ഇതിൽ പറയപ്പെടുന്ന വ്യക്തികളും സംഭവങ്ങളും തികച്ചും ഭാവനാത്മകമാണ്. കഥകളും കവിതകളും ചെറു സാന്ദർഭീകകൃതികളും ചേർന്ന ഇത് പുസ്തകരൂപത്തിൽ പുറത്തിറങ്ങുന്ന എന്റെ ആദ്യ രചനാസമാഹാരവും പ്രഥമ പരീക്ഷണവും ആണ്. ആയതിനാൽ മറ്റു രചയിതാക്കളുമായി താരതമ്യം ചെയ്യുമ്പോൾ അത്ര സുഗമവായന സാധ്യമാകണമെന്നില്ല . എന്നിരുന്നാലും ഈ ചെറു പുസ്തകം നിങ്ങളെ രസിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുമമെന്ന് രചയിതാവായ ഞാൻ വിശ്വസിക്കുന്നു.

എന്ന്

ബദ്റുൽ മുനീർ

# നന്ദി

എനിക്ക് ഈ പുസ്തകം എഴുതാൻ പ്രചോദനം നല്കിയ എന്റെ പ്രിയ സുഹൃത്തും ആത്മമിത്രവുമായ **ആരിഫ് പെരിങ്ങമ്മലയും** എന്റെ ഓരോ രചനയ്ക്കും ആശംസകൾ അറിയിച്ചും ആദ്യഘട്ടം മുതൽ പൂർണ പിന്തുണയോടെയും എന്നോടൊപ്പമുണ്ടായിരുന്ന **ഇക്ബാൽ എച്ച്.എസ്സ്.എസ്സ്** പെരിങ്ങമ്മലയിലെയും **എസ്.എൻ.എച്ച്.എസ്സ്.എസ്സ്** ചിതറയിലെയും എന്റെ പ്രിയ അദ്ധ്യാപകർക്കും എന്റെ പ്രിയപ്പെട്ട കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

# കഥകൾ

# ജീവിതത്തിന്റെ ഇക്വേഷൻ

എല്ലാദിവസത്തേക്കാളും ഇന്നവൻ ഉഷാറായി കാണപ്പെട്ടു. എന്നും എട്ടുമണി കഴിയാതെ എഴുന്നേൽക്കാത്ത അവൻ, ഇന്ന് അതിരാവിലെ തന്നെ എഴുന്നേറ്റ് കുളിച്ചൊരുങ്ങി ടിപ്-ടോപ്പായി സ്കൂളിലേക്ക് പുറപ്പെടാൻ ധൃതികാണിക്കുന്നതു കണ്ട മാലിനീ ദേവി അവനോടായി തിരക്കി :"അപ്പൂ, എന്താണിന്നിത്ര തിടുക്കം?". അവനൊരു പുഞ്ചിരിയാണ് അവർക്ക് തിരികെ നൽകിയത്. അതിൽ നിന്ന് തന്നെ മാലിനീ ദേവിക്ക് കാര്യം വ്യക്തമായി. "ഇന്നാരാ നിന്റെയിര?". "ആരാണെന്ന് അറിയില്ല; പക്ഷേ ഇന്ന് പുതിയ ഒരു സാർ ചാർജ് എടുക്കുന്നുണ്ട്. അദ്ദേഹം ഞങ്ങളുടെ ക്ലാസ് ഡ്യൂട്ടി ഏറ്റെടുത്തിട്ടുണ്ട് എന്നാണ് കേട്ടത്." അതാണല്ലേ എന്ന ഭാവത്തിൽ മാലിനീ ദേവി പുഞ്ചിരിക്കുക മാത്രമാണ് ചെയ്തത്.

"അമ്മേ പോയ് വരാം കേട്ടോ" എന്ന് പറഞ്ഞ് പുറത്തേക്ക് ഇറങ്ങിയപ്പോൾ മാലിനി ദേവി ഒരു റുബിക്സ് ക്യൂബ് എടുത്ത് അവന്റെ കയ്യിൽ കൊടുത്തിട്ട് സൂക്ഷിച്ചു പോകണം എന്ന് ഉപദേശിച്ചു. തന്റെ അമ്മയുടെ സ്വഭാവത്തിന് എന്തുപറ്റി, പതിവില്ലാതെ റുബിക്സ് ക്യൂബ് തന്റെ കയ്യിൽ തന്നിട്ട് സ്കൂളിലേക്ക് കൊണ്ടുപോകാൻ പറയുന്നു; ആശ്ചര്യത്തിൽ അവൻ അമ്മയെ ഒന്ന് നോക്കി. അവന്റെ അമ്മ അവന് നൽകിയത് ഒരു നേർത്ത പുഞ്ചിരി മാത്രം. എന്തെല്ലാമോ നിഗൂഢതകൾ മറഞ്ഞിരിക്കുന്ന ഒരു നേർത്ത പുഞ്ചിരി! എന്നാൽ അവൻ അത് വലിയ കാര്യമായി എടുത്തില്ല. അവൻ നേരെ സ്കൂൾ ലക്ഷ്യമാക്കി നടന്നു.

ഒരിത്തിരി അധികം നേരത്തെ നടത്തത്തിനൊടുവിൽ അവൻ അവന്റെ സ്കൂളിനു മുന്നിൽ എത്തി. കുറച്ചുനേരം അവിടെയെല്ലാം

കറങ്ങി നടന്നശേഷം ഒമ്പതു മണിയോടെ അവൻ ക്ലാസിലേക്ക് തിരിച്ചു അവൻ ഞെട്ടിപ്പോയി എന്നും ശബ്ദ മുഖരിതമായിരിക്കുന്ന ക്ലാസിൽ ഇന്ന് അറ്റൻഡൻസ് എടുക്കുന്ന ശബ്ദം മാത്രം പുതിയ സാർ ഇത്രയും സ്ട്രിക്റ്റാണോ? ബെല്ലടിച്ചിട്ടു ഇപ്പോൾ അഞ്ച് മിനിറ്റ് കഴിഞ്ഞിരിക്കുന്നു! സ്കൂളിലേക്ക് കയറുമ്പോൾ ഈശ്വര പ്രാർത്ഥന കേൾക്കുന്നുണ്ടായിരുന്നു. ഇപ്പോൾ കുറച്ചു സമയം എന്തൊക്കെയോ ചിന്തിച്ച് നിന്ന് അഞ്ചു മിനിറ്റ് കൂടി കടന്നു പോയി. ഇത് ചിന്തിച്ച് മുന്നോട്ട് നടന്നെത്തിയ അവനെ ക്ലാസ്സിൽ കണ്ട കാഴ്ച വീണ്ടും ഞെട്ടിച്ചു. വെറും ഇരുപത്തിയഞ്ചോളം മാത്രം പ്രായം വരുന്ന ഏതൊരാളും നോക്കി നിന്നു പോകുന്ന ഒരു മൊഞ്ചൻ സാർ.

തന്നെ ആശ്ചര്യത്തോടെ നോക്കി നിൽക്കുന്ന അപ്പുവിനെ സാർ കൈ കാട്ടി ഒന്ന് വിളിച്ചു അപ്പോഴാണ് അവൻ ആ സ്വപ്ന ലോകത്തിൽ

നിന്നും ഉണർന്നത്. "മേ ഐ കം ഇൻ സാർ?" "എസ് മൈ ഡിയർ". ആ വാക്കുകൾ വീണ്ടും അവനെ ആശ്ചര്യത്തിൽ ആക്കി. അതെ വർഷങ്ങൾക്കു മുമ്പ് തന്നെ വിട്ടുപോയ തന്റെ പ്രിയപ്പെട്ട ഏട്ടൻ. നിറകണ്ണുകളോടെ അവനാ സത്യം മനസ്സിലാക്കി, അതോടൊപ്പം അവന്റെ അമ്മയുടെ മുഖത്തുണ്ടായിരുന്ന ആ ചിരിയുടെയും അർത്ഥം.

പെട്ടെന്ന് എന്തോ ഓർത്തത് പോലെ അവൻ തന്റെ കയ്യിൽ ഉണ്ടായിരുന്ന റുബിക്സ് ക്യൂബ് അദ്ദേഹത്തിന് നേരെ നീട്ടി. അത് വാങ്ങിയിട്ട് അപ്പുവിനോട് സീറ്റിലേക്കിരിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. ഉടനെ അവൻ സീറ്റിലേക്ക് കയറിയിരുന്നു. എന്നിട്ട് അവൻ ചേട്ടനോട് ഇത്രയും നാൾ സുഖമായിരുന്നോ എന്ന് ചോദിച്ചു. അതിനുള്ള മറുപടിയായി റുബിക്സ് ക്യൂബ് ഉയർത്തിപ്പിടിച്ച് എല്ലാവരോടുമായി അദ്ദേഹം പറഞ്ഞു : "ഇതാണ് ജീവിതം!"

ഒന്നും മനസ്സിലാകാതെ പരസ്പരം നോക്കിയിരിക്കുന്ന കുട്ടികളിൽ ഒരാൾക്ക് റുബിക്സ് ക്യൂബ് നൽകിയിട്ട് അഞ്ചുമിനിട്ട് തരാം, അത് ശരിയാക്കി നൽകണമെന്ന് പറഞ്ഞു. അവൻ അഞ്ചു മിനിറ്റ് ശ്വാസം എടുക്കാൻ മറന്നു പരിശ്രമിച്ചു. പക്ഷേ അത് ശരിയാക്കാൻ അവന് സാധിച്ചില്ല. പിന്നീട് അപ്പുവിന് നേരെ റുബിക്സ് ക്യൂബ് നീട്ടി അവനത് വാങ്ങി. എന്നിട്ട് ശരിയാക്കാൻ ആരംഭിച്ചു. വെറും നിമിഷങ്ങൾ കൊണ്ട് അവനത് ശരിയാക്കുകയും ചെയ്തു. അപ്പു ശരിയാക്കിയ റുബിക്സ് ക്യൂബ് തിരികെ വാങ്ങിക്കൊണ്ട് അദ്ദേഹം തുടർന്നു; "ഇപ്പോൾ നിങ്ങൾ കണ്ടതാണ് ജീവിതം! ജീവിതത്തിനും ഈ റുബിക്സ് ക്യൂബിനുള്ളത് പോലെ ഒരു ഇക്വേഷനുണ്ട്. അത് അറിയുന്നവർക്ക് ജീവിതത്തെ നല്ല രസമുള്ളതാക്കാൻ കഴിയും; അല്ലാത്തവർക്ക് നേരെ തിരിച്ചും. ആദ്യം എനിക്ക് ആ ഇക്വേഷൻ അറിയില്ലായിരുന്നു. എന്നാൽ

പിന്നീട് ഞാൻ അത് പഠിച്ചു. ഇപ്പോൾ അതെനിക്കറിയാം." ഇത്രയും പറഞ്ഞ് അദ്ദേഹം നിർത്തിയപ്പോൾ അപ്പുവിന്റെ മനസ്സിൽ ഉണ്ടായിരുന്ന മറ്റുള്ളവരെ കുഴപ്പിക്കാനുള്ള ആശയും എവിടേക്കെന്നറിയാതെ ഇറങ്ങിനടന്നു. അതേ ജീവിതത്തിന്റെ ഇക്വേഷൻ അപ്പു ഗ്രഹിക്കാൻ ശ്രമിക്കുകയാണ്. മറ്റുള്ളവരെ കുഴപ്പിക്കാനുള്ള ആശ വേദനയോടെ ആ സത്യം മനസ്സിലാക്കി; ഇനി ക്ലാസ്സിൽ തനിക്ക് സ്ഥാനമില്ല. ഇപ്പോൾ അവനാണ് ഹീറോ, ജീവിതത്തിന്റെ ഇക്വേഷൻ!

## കാറ്റിന് പറയാനുള്ളത്

അപ്പു എന്തുകൊണ്ടോ അന്ന് വളരെ നേരത്തെ ഉറങ്ങാൻ കിടന്നു.ദി ആൽക്കമിസ്റ്റ് എന്ന പുസ്തകം വായിച്ചു കിടന്ന അവൻ എപ്പോഴോ അറിയാതെ മയക്കത്തിലേക്ക് വീണു.കുറച്ച്

സമയത്തിന് ശേഷം അവൻ പെട്ടെന്ന് ഞെട്ടിയുണർന്നു.അവിടേക്ക് ചെറിയ ശക്തിയോടെ കാറ്റ് വീശിയടിക്കാൻ തുടങ്ങി.അത് അവിടുള്ള പൊടിപടലങ്ങളുടെ സഹായത്താൽ മനുഷ്യനെ പോലെ രൂപാന്തരം പ്രാപിച്ചു.ഭയത്താൽ അവൻ നിലവിളിക്കാൻ ശ്രമിച്ചു.പക്ഷെ അവന്റെ തൊണ്ടയിൽ നിന്നും ശബ്ദം പുറത്തേക്ക് വന്നില്ല.എന്തുകൊണ്ടോ കാറ്റിന്റെ ആ രൂപം അവനോട് സൗഹൃദപരമായാണ് സംസാരിച്ചത്. അത് അവന്റെ ഭയത്തെ ഇല്ലാതാക്കി. അവർ പരസ്പരം ചങ്ങാതിമാരെ പോലെ കുറച്ചധികം നേരം എന്തൊക്കെയോ സംസാരിച്ചു. ഇടയ്ക്ക് അപ്പു കാറ്റിനോട് നിനക്ക് എത്ര വയസ്സായി എന്ന് ചോദിച്ചു. ഓർമ്മയില്ല ഭൂമി സൃഷ്ടിക്കപ്പെട്ട അന്നു മുതൽ ഞാൻ ഈ ഭൂമിയിൽ നിലകൊള്ളുന്നു. കാറ്റിന്റെ മറുപടി കേട്ട അപ്പു നിനക്ക് മറക്കാനാകാത്ത ഒരു സംഭവം പറയാൻ കാറ്റിനോട് ആവശ്യപ്പെട്ടു. കാറ്റ് പറയാമെന്ന്

സമ്മതിച്ച് തലയാട്ടി. എന്നിട്ട് കുറച്ചുനേരം നിശപ്ദമായി ഇരുന്നു.

കാറ്റ് സംസാരിച്ച് തുടങ്ങി അന്ന് ഈ ഭൂമിയിൽ എവിടെയും പച്ചപ്പും മൃഗങ്ങളുടെയും പക്ഷികളുടെയും സല്ലാപവും ഒക്കെ ആയിരുന്നു നിലനിന്നിരുന്നത്. ഇവിടെ മനുഷ്യൻ എത്തിപ്പെട്ടിട്ടില്ല. ഞാനും അവരുമായി ഒരുമിച്ച് ഒട്ടേറെ ഗാനങ്ങൾ പാടിയിരുന്നു. പക്ഷികളുമായി ഒരുമിച്ച് പറന്നു. മൃഗങ്ങൾക്കൊപ്പം കളിച്ചു.ഞാൻ ഈ കാണുന്ന ഭൂമിയിലെ ഓരോ മുക്കും മൂലയും സന്ദർശിച്ചു. പുതിയ കൂട്ടുകാരെ കണ്ടുമുട്ടി. അങ്ങനെ സന്തോഷത്തോടെ ദശലക്ഷം വർഷങ്ങൾ ഞങ്ങൾ ജീവിച്ചു. പെട്ടെന്ന് എവിടെനിന്നെന്നറിയാതെ ഒരു ഉൽക്ക ഭൂമിയിൽ പതിച്ചു. ഞാൻ അതിനുമുമ്പ് പല തവണ ഉൽക്ക പതിക്കുന്നത് കണ്ടിട്ടുണ്ട്. അതിനാൽ ഞാനത് വലിയ കാര്യമായി കണക്കാക്കിയില്ല. ഞാനെന്റെ യാത്ര തുടർന്നു.പെട്ടെന്ന് താഴെ കുറെയധികം

ജീവികൾ ചത്തു കിടക്കുന്നത് കണ്ടു ഞാൻ അടുത്തേക്ക് ചെന്നു.ദിനോസറുകളുടെ ഒരു കൂട്ടമായിരുന്നു അത്. ഞാൻ ആദ്യമായാണ് അത്രയധികം മൃഗങ്ങൾ ഒരുമിച്ച് മരിച്ചു കിടക്കുന്നത് കാണുന്നത്ഞാൻ ഭൂമിയുടെ ഒട്ടും കാൽഭാഗവും സന്ദർശിച്ചു ഒരെണ്ണം പോലും ജീവിച്ചിരിപ്പില്ല.

ഞാൻ ഇന്ത്യക്ക് സമീപം ശ്രീലങ്കയിൽ എത്തിച്ചേർന്നു. അവിടുന്ന് പുതിയൊരു ജീവിയെ കണ്ടു രണ്ടു കാലുകളിൽ എഴുന്നേറ്റ് നിൽക്കുന്ന ഒരു ജീവി. ഞാൻ ആദ്യം കരുതി അവ കുരങ്ങുകളുടെ ഏതെങ്കിലും വകഭേദം ആകാമെന്ന്. പക്ഷേ അതിന്റെ വെറും മിഥ്യയായ ധാരണ മാത്രമായിരുന്നു.കുരങ്ങുകളെ അപേക്ഷിച്ച് പലവിധ പ്രത്യേകതകളും അതിൽ ഞാൻ കണ്ടു. അതിൽ പ്രധാനമായത് അത് നഗ്നത മറക്കുന്നു എന്നതായിരുന്നു. അവിടെ ഞാൻ അന്ന് വന്ന് പതിച്ച ഉൽക്കയും കണ്ടു. മറ്റു ജീവികളിൽ നിന്ന് വ്യത്യസ്തമായി ഈ ജീവിയെ ഒന്നിന് മാത്രമേ എനിക്ക് കാണാൻ സാധിച്ചുള്ളൂ.

അതിനുശേഷം ഞാൻ സൗദി അറേബ്യയിൽ എത്തി. അപ്പോഴാണ് ഞാൻ സത്യം മനസ്സിലാക്കുന്നത് ആ ജീവിയുടെ സ്ത്രീ ലിംഗവും ഭൂമിയിൽ എത്തിപ്പെട്ടിരിക്കുന്നു. പിന്നീട് അവരുടെ ആധിപത്യം തന്നെ ആയിരുന്നു. ഇന്ന് ഭൂമി കീഴടക്കി ഭരിക്കുന്ന മനുഷ്യൻ എന്ന ജീവിയുടെ ഉത്ഭവമായിരുന്നു അന്ന് നടന്നത്.

ആദം, യേശു, മുഹമ്മദ്, കൃഷ്ണൻ തുടങ്ങിയ അവതാരങ്ങളും ഹിറ്റ്ലറും ഗാന്ധിയും ഐൻസ്റ്റീനും നെഹ്റുവും എപിജെയും കെ കെ കേളപ്പനും ഒബാമയും ഒക്കെ ചേർന്ന മനുഷ്യകുലത്തിന്റെ ഉത്ഭവം! അതായിരുന്നു എനിക്ക് മറക്കാനാവാത്ത ഏറ്റവും വലിയ സംഭവം. ഇന്നവർ പല ജാതി മത വർഗ്ഗ വർണ്ണ വിവേചനം കാണിക്കുന്നുവെങ്കിലും അവരെല്ലാം ഒന്നായിരുന്നു. അല്ല, ഒന്നാണ്. ഇത്രയും പറഞ്ഞ നിർത്തിയ കാറ്റ് അപ്പുവിനെ നോക്കിയിട്ട് തനിക്ക് പോകാനുള്ള സമയമായെന്ന് അറിയിച്ച് അവിടെ നിന്നും തഴുകിയകന്നു.

പെട്ടെന്നാണ് അപ്പു തന്റെ സ്വപ്നത്തിൽ നിന്നും ഞെട്ടി ഉണരുന്നത്. താൻ സ്വപ്നത്തിൽ ഞെട്ടി ഉണർന്നതായിരുന്നുവോ? ഇത്രയും നേരം താൻ സ്വപ്നത്തിൽ ആയിരുന്നുവോ അങ്ങനെ ചിന്തകൾ അവനെ കടന്നുപോയി. എല്ലാത്തിനും ഒരുത്തര പോലെ കാറ്റ് അവന് തഴുകിയിരുന്നു. കാറ്റിനു പറയാനുള്ളത് കേട്ടാ കാറ്റിന്റെ പുതിയ കൂട്ടുകാരനെ!.

# ലേഖനങ്ങൾ

# ഉണരുവിൻ

ഈ പ്രപഞ്ചം ജീവനുള്ളതും ജീവനില്ലാത്തതുമായ സകല വസ്തുക്കൾക്കും ഒരുപോലെ അവകാശപ്പെട്ടതാണ്. എന്നാൽ മനുഷ്യൻ എന്ന ദൈവത്തിന്റെ മഹത്വം എന്ന് പറയപ്പെട്ട സൃഷ്ടി ദൈവത്തെ പോലും മറന്ന് എല്ലാവരെയും എല്ലാത്തിനെയും കീഴടക്കാൻ ആഗ്രഹിക്കുന്നു. അല്ല! കീഴടക്കി കൈവെള്ളയിൽ ആക്കുന്നു. ഭൗതികതയ്ക്കപ്പുറം പ്രപഞ്ചം ആത്മീയതയിലൂടെയും കടന്നു പോകുന്നു. മനുഷ്യൻ അത് മനസ്സിലാക്കാതെ എല്ലാത്തിനെയും കീഴടക്കാൻ ആഗ്രഹിക്കുന്നു. ആദ്യകാലങ്ങളിൽ ആയിരത്തോളം വർഷം ജീവിച്ച മനുഷ്യർ, ഇന്ന് അവന്റെ അത്യർത്ഥി കാരണം പ്രപഞ്ചത്തിലുള്ള ആത്മീയതകൾ മനുഷ്യായുസ്സിനെ ചുരുക്കുന്നു.

ആഗ്രഹമെന്ന് പേരിൽ ആർത്തി കാണിക്കുന്ന മനുഷ്യകുലം നൂറ്റാണ്ടുകളോളം ജീവിച്ച

കഴിഞ്ഞാൽ പ്രപഞ്ചം ആപത്തിൽ ആകുമെന്ന് പ്രപഞ്ചശക്തികൾ വിളിച്ചോതുന്നു. അഭ്യർത്ഥി കാണിക്കുന്നവർക്ക് പ്രപഞ്ചത്തിന്റെ ആത്മീയത പലതരത്തിൽ താക്കീലുകൾ തരുന്നു. പ്രളയമായ്,മണ്ണിടിച്ചിലായ് പ്രകൃതിദുരന്തങ്ങളായ്, യുദ്ധങ്ങളായ്, താക്കീലുകൾ വീണ്ടും വീണ്ടും തന്നുകൊണ്ടിരിക്കുന്നു. ഉണരുവിൻ മനുഷ്യാ... കാണുവിൻ... മനസ്സിലാക്കുവിൻ... നീ നിന്റെ തെറ്റുകൾ... ധർമ്മത്തെ കാണുവിൻ... മനസ്സിലാക്കുവിൻ... പിന്തുടരുവിൻ മനുഷ്യാ നീ... ജീവിക്കാനും ജീവൻ നൽകാനുമായ്...

## വേദന

മനുഷ്യ ജീവിതത്തിൽ ഏറ്റവും ശ്രദ്ധേയമായ ഒന്നാണ് വികാരങ്ങൾ! സ്നേഹവും സന്തോഷവും ദുഃഖവും ഒക്കെ ചേർന്ന വികാരങ്ങൾ. ദുഃഖം എന്ന

പേരിൽ അറിയപ്പെടുന്ന മനസ്സിന്റെ വേദനയാണ് ഈ ലേഖനത്തിൽ ഉൾക്കൊള്ളുന്ന വികാരം.

വേദന എന്നത് മൂന്നക്ഷരം ആണെങ്കിലും അത് ശാരീരികമായും മാനസികമായും ഉണ്ടാകാറുണ്ട്. ശാരീരികമായ വേദന ദിവസങ്ങളോളം നീണ്ടാലും മാറ്റാൻ സാധിക്കുന്ന ഒന്നാണ്. എന്നാൽ മനസ്സിന്റെ വേദന അത് നൽകുന്ന ദുഃഖം ഒരുപക്ഷേ ജീവിതകാലം മുഴുവൻ പരിശ്രമിച്ചാലും മാറ്റാൻ സാധിച്ചെന്ന് വരില്ല.

ശാരീരികമായ വേദന ശത്രുവാണ് നൽകുന്നത്. എന്നാൽ ജീവിതത്തിൽ നാം ഏറ്റവും സ്നേഹിക്കപ്പെടുന്നവരാലാണ് മനസ്സിന് വേദന ഉണ്ടാകുന്നത്. ശത്രു തന്ന വേദന മറക്കാൻ സാധിച്ചാലും മിത്രം നൽകുന്ന ദുഃഖവും മനസ്സിൽ ഉണ്ടാക്കുന്ന വേദനയും മാറ്റിയെടുക്കാൻ അസാധ്യം എന്നു തന്നെ പറയാം. ഒരുപക്ഷേ ഇന്ന് നാം ആർക്കെങ്കിലും മനസ്സിന് വേദന

സമ്മാനിക്കുന്നുവെങ്കിൽ, സമ്മാനിച്ചിട്ടുണ്ടെങ്കിൽ കർമ്മ അത് നമുക്ക് തിരികെ തരിക തന്നെ ചെയ്യും. മനസ്സിലാക്കുക; ഓരോ മനസ്സിന്റെ വേദനയും... കർമ്മ എന്ന സത്യത്തെയും...

# വൈകാരികം പ്രണയം

മനസ്സിന്റെ ഏറ്റവും ആഴമേറിയ ഭാഗത്ത് നിന്ന് ഉത്ഭവിക്കുന്ന ഒരു തരം വികാരമാണ് പ്രണയം. മനുഷ്യ ജീവിതത്തിൽ അത്യന്താപേക്ഷിതമായ ഒന്നാണിത്. മനുഷ്യ ജീവിതം മുന്നോട്ടുപോകുമ്പോൾ താൻ തന്നെ തന്നെ പ്രണയിക്കണം. ദാമ്പത്യ ജീവിതത്തിൽ തന്റെ ജീവിതപങ്കാളിയെ പ്രണയിക്കണം. മാതാപിതാക്കളെ പ്രണയിക്കണം.

പ്രണയമെന്നത് നീലരാവുകളിൽ കണ്ണുകൾ കാണുന്നതോ ശരീരം അനുഭവിക്കുന്നത് അല്ല.

കേവലം ഹോർമോണുകളുടെ വ്യതിയാനവും അല്ല. മനുഷ്യരാശിയെയും മറ്റും ജൈവ അജൈവ വസ്തുക്കളെയും ഭൂമിയിൽ സൃഷ്ടിച്ച സൃഷ്ടാവ് പടച്ച മനസ്സിന്റെ ഉൾത്തട്ടിൽ നിന്ന് ഉത്ഭവിക്കുന്ന വികാരങ്ങളുടെ മിശ്രിതമാണ്! ശരീരത്തെ മോഹിക്കുന്നത് പ്രണയമല്ല. സഹതാപത്താൽ ഉത്ഭവിക്കുന്നതുമല്ല പ്രണയം. തന്റെ ശരീരത്തേക്കാൾ തന്റെ പ്രാണനേക്കാൾ എന്തിനോടെങ്കിലും ഇഷ്ടം തോന്നിയാൽ അതാണ് പ്രണയം. തന്റെ ജീവിതം മറ്റൊരാൾക്ക് വേണ്ടി അല്ലെങ്കിൽ മറ്റെന്തിനെങ്കിലും വേണ്ടി ത്യാഗം ചെയ്യുകയാണെങ്കിൽ അതിനോട് ആ വ്യക്തിക്ക് അതിയായ പ്രണയം ഉണ്ടായിരുന്നു എന്ന് അർത്ഥം.

ഇന്നത്തെ സമൂഹത്തിൽ നീല നേത്രങ്ങളാൽ കാണുന്നവയാണ് പ്രണയം എന്ന് വിശ്വസിക്കുന്നവർ ഉണ്ടാക്കാം. ഒരുപക്ഷേ അങ്ങനെ പ്രണയിക്കുന്നവരും! എന്നാൽ രണ്ടു മനസ്സുകൾ തമ്മിൽ ഇണങ്ങി ചേരുമ്പോഴാണ് രണ്ടുപേർ തമ്മിലുള്ള പരസ്പര പ്രണയം എന്ന

വാക്യത്തിനർത്ഥം ഉണ്ടാകുന്നത്. താൻ പറയുന്നതിനേക്കാൾ തന്റെ മനസ്സ് നോവുമ്പോൾ അത് ആർക്കാണ് മനസ്സിലാക്കാൻ സാധിക്കുന്നത് അവരാണ് നമ്മെ ആത്മാർത്ഥമായി പ്രണയിക്കുന്നത്. പ്രണയമെന്നത് സ്നേഹത്തിന്റെ പര്യായപദം മാത്രമാണ്. അതിലേക്ക് കലർത്തപ്പെടുന്ന തെറ്റായ വ്യാഖ്യാനങ്ങൾ ആണ് അത് തെറ്റായ അർത്ഥത്തിലേക്ക് വഴിമാറാൻ കാരണമാകുന്നത്. പ്രണയിക്കുക; ആത്മാർത്ഥമായി, നിഷ്കളങ്കമായി, പ്രണയം എന്ന വാക്കിന്റെ യഥാർത്ഥ അർത്ഥം അറിഞ്ഞ്!

# വ്യസനക്കുറപ്പ്

പ്രിയമുള്ളവരേ,

ഇത് എങ്ങനെ ആരംഭിക്കണം എന്ന് എനിക്കറിയില്ല. ഇങ്ങനൊരു സന്ദർഭം ഇതിന് മുമ്പ് ഒരു കൃതി എഴുതാൻ ആരംഭിച്ചപ്പോഴും എനിക്കുണ്ടായിട്ടില്ല. ആദ്യമായാണ് ഇത്രയും ആസ്വസ്ഥനായി ഞാൻ എഴുതാൻ ആരംഭിക്കുന്നത്. ഇതിൽ സാഹിത്യം കലർത്തുന്നതിനേക്കാൾ എന്റെ മനസിനെ ഇറക്കി നിറത്തുന്നതാവും നല്ലതെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ ഗാന്ധിജി അല്ല , നെഹറുവും അല്ല. അവരെപ്പോലുള്ള മഹാത്മാക്കൾ സ്വന്തം ആത്മകഥ എഴുതിയപ്പോൾ സ്വജീവിതം അക്ഷരം പ്രതി അച്ചടിക്കുവായിരുന്നു. പക്ഷേ അത്രയും എനിക്ക് സാധിക്കില്ല, ഇതൊരു ആത്മകഥയുമല്ല. എന്നാലും വ്യസനങ്ങൾ ആരോടും പറയാൻ തോന്നുന്നില്ല , അതാണ് എഴുത്തിനെ ആശ്രയിച്ചത്. മനസ് എവിടെയൊക്കെയോ അലയുകയാണ്. നൂലില്ലാത്ത പട്ടം പോലെ, നിയന്ത്രണമില്ലാത്ത വാഹനം പോലെ. സ്നേഹിക്കുന്നവരും കൂടെ നിക്കുന്നവരും ഒരുപാട് ഉണ്ട്. എന്നാലും ആ ഒരു വ്യക്തി, ഒരേഒരു

വ്യക്തി, മനസിനേൽപ്പിച്ച മുറിവിൽ നിന്ന് കരകയറാൻ പറ്റുന്നില്ല. ഇത്രയേറെ വെറുക്കാൻ ഞാൻ എന്ത് ചെയ്തു എന്നെനിക്കറിയില്ല, പക്ഷേ ഒന്നറിയം ഞാൻ കാരണം ആ വ്യക്തി ഒരുപാട് വേദനിക്കുന്നുണ്ട്. ചെയ്ത തെറ്റ് അറിയാമായിരുന്നെങ്കിൽ പ്രായശ്ചിത്വം ചെയ്യാമായിരുന്നു. എന്നാൽ ചെയ്ത തെറ്ററിയാതെ നീറുന്ന ഒരു മനസാണ് എന്റേത് . ഒരു രാവും പകലും താളം തെറ്റിയ മനസുമായി ഞാൻ ദൈവത്തെ ഒരുപാട് ശപിച്ചു. എന്റെ ജീവിതത്തെയും.

എവിടെയോ ഒന്ന് പിടുത്തം കിട്ടിയപ്പോഴാണ് ചെയ്യുന്നത് തെറ്റാണ് എന്ന് ബോധം വന്നത്. പശ്ചാത്താപം ഉണ്ട്. വിശ്വാസത്തിൽ നിന്ന് പതറി പോയതിന് ,ദൈവത്തോട് നന്ദികേട് കാണിച്ചതിന്. അവൻ പരമകാരുണ്യവാനും കരുണാനിധിയുമാണല്ലോ. പൊറുക്കുമെന്ന് അടിയുറച്ച് വിശ്വസിക്കുന്നു. മനസ് കൊണ്ട്

കുറിച്ച ഒരു തീരുമാനമുണ്ട്. അത് പലപ്പോഴായി ആ വ്യക്തിയോട് ഞാൻ പറഞ്ഞിട്ടുമുണ്ട്. ഞാൻ ഇതിനെ അധിജീവിക്കും എന്ന് പലരോടും പറഞ്ഞു; എന്നാൽ വേണ്ട. അത് തന്നെയാണ് അന്തിമ തീരുമാനവും. ആ ഒരു വ്യക്തിയുടെ ഓർമയിലായി അവസാന നാളുവരെ കഴിഞ്ഞ് കൂടണം; അതാണ് ആഗ്രഹം. ജീവിതത്തിൽ ആ വ്യക്തി അലങ്കരിച്ചിരുന്ന സ്ഥാനം ആ വ്യക്തിക്ക് തന്നെ ഒഴിഞ്ഞ് കിടക്കും. മടങ്ങി വന്നാലും ഇല്ലെങ്കിലും.

എന്താണ് ആ വ്യക്തിയുടെ പ്രത്യേകത എന്നല്ലേ? അത് മാത്രമേ ഉള്ളൂ. എന്നെ ആദ്യമായി ഒരുപാട് നാളുകൾക്ക് ശേഷം മനസറിഞ്ഞ് ചിരിക്കാൻ പഠിപ്പിച്ച വ്യക്തി, മനസറിഞ്ഞ കരയാൻ പഠിപ്പിച്ച വ്യക്തി. മറ്റുള്ളവരെ സ്നേഹിക്കാനും ബഹുമാനിക്കാനും പഠിപ്പിച്ച വ്യക്തി. ധാരാളമല്ലേ ഈ വിശേഷണങ്ങൾ. ആ ഒരു വ്യക്തി ദൈവം

കനിഞ്ഞ അനുഗ്രഹമാണ്. ആ അനുഗ്രഹം അറിയാതെ ആണെങ്കിൽ പോലും ഇല്ലായ്മ ചെയ്ത ഞാൻ ക്രൂരനും. എനിക്കൊരു വിശ്വാസമുണ്ട്;ഞാൻ വിശ്വസിക്കുന്ന എന്റെ ദൈവം എന്റെ മനസ് കാണാതിരിക്കില്ല എന്ന്. എന്റെ കണ്ണുനീർ അവൻ കാണും. അവൻ ഞാൻ ചെയ്ത പാപങ്ങൾ പൊറുത്ത് തരും. എന്റെ ഖൽബിൽ മുഹബത്ത് തന്നത് അവനാണെങ്കിൽ, അവൻ ആ അനുഗ്രഹം എന്നിൽ ലയിപ്പിക്കുക തന്നെ ചെയ്യും. ആ ദിവസത്തിനായി ഞാൻ കാത്തിരിക്കും. എന്റെ ഉടലിൽ ജീവൻ അവസാനിക്കുന്ന നാൾ വരെയും.

ഇത് ഞാൻ ഇവിടെ പ്രതിപതിക്കുന്ന വ്യക്തി വായിക്കുന്നുണ്ടെങ്കിൽ ഒന്നോർക്കുക; അറിഞ്ഞ് കൊണ്ട് ഒരു തെറ്റും ഞാൻ ചെയ്തിട്ടില്ല. ഇനി ചെയ്യുകയുമില്ല. ഒറ്റ ആഗ്രഹം മാത്രം, നീ തിരികെ വരുക. ഞാൻ എന്ന വ്യക്തിയെ വീഴാതെ പിടിച്ച് നിർത്തുക നിനക്ക് മാത്രമാണ്

സാധ്യമാവുക. എന്നോട് പ്രിയമുള്ള എന്റെ ഇത്ത എന്ന് എനിക്ക് തീർത്ത് വിളിക്കാൻ സാധിക്കുന്ന സയ്യിദത്ത് പറഞ്ഞ ഒരു വാചകമുണ്ട്, അതാണ് എന്നെ മടക്കി വിളിച്ചത്, ഇപ്പോൾ ഞാൻ ഈ വാക്കുകൾ എഴുതുന്ന സ്വബോധത്തിലേയ്ക്ക് . എന്റെ പ്രിയ വായനക്കാരെ സുഹൃത്തുക്കളെ, നിങ്ങളുടെ പ്രാർത്ഥനയിൽ ഈ വിനീതന് കൂടി ഇടം നൽകണം. എന്റെ സ്നേഹത്തെ നിങ്ങൾ കൂടി ദൈവത്തോട് ഉണർത്തുക. അവൻ എന്നെയും നിങ്ങളെയും സ്വീകരിക്കട്ടെ.

ഏതൊരു കേറ്റത്തിന് ശേഷവും ഇറക്കവും ഉണ്ടാകും എന്ന ആശയം ഉൾക്കൊള്ളുന്ന ദൈവീക വചനം ഓർമിപ്പിച്ച് ഞാൻ നിർത്തുന്നു. എന്നെ പോലെ ദുഖിക്കുന്നവർക്ക് ഇതൊരു പ്രചോദനം ആകട്ടെ.

എന്ന്

ബദ്റുൽ മുനീർ

# നഗ്നസത്യങ്ങൾ

# തീരാനോവ്

ചിലരൊക്കെ അങ്ങനെയാണ്, വളരെ യാദർച്ഛികമായി നമ്മുടെ ജീവിതത്തിലേക്ക് കടന്ന് വരും. ഒരുപാട് മനോഹരമായ ഓർമകൾ സമ്മാനിക്കും. ഹ്രദയത്തിന്റെ ഏറ്റവും ആഴമേറിയ സ്ഥാനത്തേക്ക് ആഴ്ന്നിറങ്ങും. അവർ നമുക്ക് ഒരുപാട് പ്രത്യാശകൾ നൽകും. പുതുജീവൻ നൽകും. പുത്തൻ ഉണർവ് നൽകും. നാം അവർ ജീവിതകാലം മുഴുവൻ നമ്മോടൊപ്പം ഉണ്ടായിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കും. കാലം അതിന് തടയിടും; വിധി അവരെ നമ്മിൽ നിന്നും ആകറ്റും.

# പ്രാണൻ

ലോകത്ത് ഏറ്റവും മനോഹരമായത് പ്രണയമാണെന്ന് കവികൾ പാടുന്നു. സൗഹ്രദമാണെന്ന് ചങ്ങായിമാർ പറയുന്നു.

ശരിക്കും പ്രണയം സൗഹൃദമായിരുന്നെങ്കിൽ, കാമുകി സുഹൃത്തായിരുന്നെങ്കിൽ , ഭാര്യ ഏറ്റവും അടുത്ത ചങ്ങായി ആയിരുന്നെങ്കിൽ, ജീവിതം എത്ര മനോഹരമായേനെ! കവികളും ചങ്ങായിമാരും പറഞ്ഞവ കോർത്തിണക്കിയ സൗഹൃദത്തിന്റെ ഏറ്റവും ഉന്നതിയിൽ എത്തിയ തലമാണ് പ്രണയമെങ്കിൽ!

# നീയെന്ന പാതി

എന്തിനാണ് നമ്മൾ കണ്ടുമുട്ടിയതെന്നറിയില്ല, ചെറിയൊരു ചങ്ങാത്തത്തിന് വേണ്ടി മാത്രമോ? അല്ല, എന്റെ കാഴ്ചയെ നശിപ്പിക്കുന്ന കേൾവിയെ ഇല്ലാതാക്കുന്ന ശ്വാസോച്ഛ്വാസതിന്റെ ഗതിതന്നെ മാറ്റിമറിക്കുന്ന ആ ഒരു വികാരം ഉള്ളിലേറ്റി തരാൻ വേണ്ടി. നീയെന്ന പാതി ഞാനെന്ന പാതിയുമായി ഇഴകി ചേരാൻ വേണ്ടി. ദൈവത്തിന്റെ മാധുര്യം നമ്മളെ അറിയിക്കാൻ വേണ്ടി! നിന്നെ എന്റെ മുന്നിൽ കാലം കാത്തുവെച്ച നിധിയായി എത്തിക്കപ്പെട്ടു.

എനിക്ക് വേണ്ടി മാത്രം നീക്കി വെക്കപ്പെട്ട നിധിയായ്!

# കവിതകൾ

# ചങ്ങാതി

എന്തിനുമേതിനും കൂട്ടിനായുള്ളൊരു
കൂടെപ്പിറപ്പാണു ചങ്ങാതി...
ഒറ്റത്തടിയല്ല, ഒറ്റയ്ക്കുമല്ല
ഒന്നിച്ചിരിക്കുന്നോർ ചങ്ങാതി...

ഓർത്തോർത്ത് കുറ്റം പറയുന്നോനല്ല
ഓർക്കപ്പുറത്തും നല്ലത് ചൊല്ലുന്നവൻ ചങ്ങാതി...
തെറ്റായ പാതയെ കാട്ടിത്തരുന്നവ-
നല്ലിവൻ നേർമാർഗ്ഗദർശിനി ചങ്ങാതി...

നല്ലിവൻ ചങ്ങാതിയെങ്കിൽ വേണ്ട
കണ്ണാടിയെന്നൊരു ചൊല്ലുണ്ട്...

പലതില്ലയൊരേയൊരു മന്ത്രകവാടമാണ്
വിട്ടുപിരിയാത്ത ചങ്ങാതി...

ചങ്ങാത്തഭേദകം തീർന്നില്ല തീരില്ല
എന്നും പറഞ്ഞാലും എത്രമേലായാലും...
ഇല്ല ചതിവഞ്ചനയൊന്നുമേ
അവർ തമ്മിൽ ആത്മാർത്ഥ ചങ്ങാതിമാരെങ്കിൽ...

അറിയണം യുവത്വമേ ചങ്ങാത്തമെന്നാൽ
കേവലം ഒരു കളിപ്പന്തല്ല...
പറയണം യുവത്വമേ ചങ്ങാത്തമെന്നാൽ
ശക്തപരബ്രഹ്മമാണെന്ന്..

# ഒറ്റപ്പെടാത്തവർ

ഒറ്റപ്പെടില്ല ഒരിക്കലുമിവർ
ഒറ്റപ്പെട്ടുത്തിയാൽ പോലുമേ...
കൂട്ടിനായെന്നുമുണ്ടിവരുടെ കൂടെ
മലയാള അക്ഷരമാലതന്നെ...



ഇവരാണെഴുത്തുകാർ
എഴുത്തിന്റെ കൂട്ടുകാർ
പുതിയൊരു ലോകത്തിൻ
സൃഷ്ടാക്കളും....

ചിലർക്കിതു ഭാവന...
ചിലർക്കിതു വേദന...
ചിലർക്കിതു സ്വപ്നവും...
ചിലർക്കിതു ആശയും...

ഇവരാണെഴുത്തുകാർ
എഴുത്തിന്റെ കൂട്ടുകാർ
പുതിയൊരു ലോകത്തിൻ
സൃഷ്ടാക്കളും....

ഒറ്റപെടലിന് എഴുത്തിനാൽ മറികടന്നോർ
കൂട്ടിനായ് പേനയെ ചേർത്തുപിടിച്ചോർ
അറിയാതെ എഴുതുന്നയിവരാ-
ണാർക്കുമറിയാത്ത എഴുത്തുകാർ...

ഇവരാണെഴുത്തുകാർ
എഴുത്തിന്റെ കൂട്ടുകാർ
പുതിയൊരു ലോകത്തിൻ
സൃഷ്ടാക്കളും....

പുത്തൻ അധ്യായം എഴുതിയിവർ
പുതിയോരധ്യാപന തുടക്കമായി...

പലർക്കുമറിയാത്ത പലതും
എഴുതിയറിയിക്കുന്നെഴുത്തുകാർ....

ഇവരാണെഴുത്തുകാർ
എഴുത്തിന്റെ കൂട്ടുകാർ
പുതിയൊരു ലോകത്തിൻ
സൃഷ്ടാക്കളും...

# വികാരം

ചില്ലിട്ടലമാരയിൽ എത്രനാളായ്
ഒരു കരസ്പർശമേക്കാതെ ഞാനിരിപ്പൂ
താളുകളൊന്നും മറിഞ്ഞിടാതെ
പൊടിതൻ ചങ്ങാത്തത്തിൽ ഞാനിരിപ്പൂ

ജ്ഞാനി ഞാനല്ലെന്നാൽ ഏറെയുണ്ട്
ജ്ഞാനം നിങ്ങൾക്കായി എന്റടുക്കൽ

മുത്തശ്ശികഥമുതൽ ഏറെയുണ്ട്
പറഞ്ഞാൽ തീരാത്ത കൃതികളേറെ!

കവിത്രയങ്ങൾ തന്നുടെ കവിതകളും
പാടികേൾപിക്കാനാശയുണ്ട്
നിസ്വാർത്ഥനാം എൻ വാക്കുകളെ
കേൾക്കുവാനാശയില്ലാതിരിപ്പൂ നിങ്ങൾ

പുറത്തേക്കിറങ്ങാൻ കഴിയാതെ
സൂര്യകിരണമേൽക്കാനാവാതെ
ചിതലുകൾക്കുള്ള ഭക്ഷണമായ്
മാറുന്നു ഞാനീ സുദിനത്തിൽ

## കാമുകി

മാമ്പൂവിൻ സൗരഭ്യമുള്ളൊരു രാത്രി
മഞ്ഞിനാൽ മൂടപ്പെട്ടൊരു രാത്രി

കവർന്നു നീയെൻ ഹൃദയം
പേരറിയാത്തോരജ്ഞാത കാമുകീ

ഊഷ്മളമായൊരു പകലിൽ
നീയെന്റെ കണ്ണിലായ് വീണ്ടും കുടുങ്ങി
അന്നു ഞാൻ നിന്നിലേക്കായ് നടന്നു
നീയതറിയാതെ തഴുകിയകന്നു

തെക്കേതോ ദിശയിൽ ഞാൻ നിൽക്കുന്ന
നേരത്ത്
വടക്കേതോ തറവാട്ടിൻ മുറ്റത്ത് നീയിരുന്നു
കിഴക്കുന്ന സൂര്യന്റെ വെട്ടം നീ
പടിഞ്ഞാർ ദിക്കിലായ് നിന്നു കൊണ്ടു

ആരാണ് നീയെന്റെ അജ്ഞാത കാമുകി
തണുത്തു ഞാൻ ഉറയുമ്പോൾ ചൂടുമായ് നീ വരും
ചൂടോടെ നിൽക്കുമ്പോൾ തണുപ്പുമായ് നീ വരും
നീയാണെൻ അജ്ഞാത കാമുകി, ഇളംകാറ്റേ!

# ബിരുദം

ആരെത്രനാൾ തൊട്ടെത്ര-
നാൾ വരെയാണൊരു
വിദ്യാർത്ഥിയായിക്കഴിഞ്ഞിടുക
ചോദ്യമതുന്നായിച്ചൊരു വ്യക്തി
വേദിയിലേക്ക് കടന്നിരുന്നു

ഞാനീ ബിരുദം നേടും വരെയും
ഞാനൊരു വിദ്യാർത്ഥിയായിരുന്നു
ഇന്നീ ബിരുദം നേടിക്കഴിഞ്ഞാൽ
ഞാനൊരു ഗുരുനാഥനായിടുന്നു

പഠിച്ചു നീ തീർന്നില്ലയീ നിമിഷത്തിലും
ഇനി എത്രയോ നീ പഠിച്ചിടേണം...
വേദിയിലിരിക്കുന്ന വ്യക്തി തൻ വാക്കുകൾ
എന്തെന്നറിയാതെ നോക്കി നിന്നു

എന്താണ് ചൊല്ലിയതെന്നത് വ്യക്തമ-
ല്ലെന്നാലും ചോദിച്ചിടുന്നു മറ ചോദ്യം
ഞാൻ നേടി ഒന്നാം സ്ഥാനം പരീക്ഷയിൽ
എന്നിട്ട് എന്തു ഞാൻ പഠിക്കണം?

വ്യക്തവും സ്പഷ്ടവുമായ നിലയിൽ
സദസ്യരെ മൊത്തമായി നോക്കി നിന്ന്
ചെറുപുഞ്ചിരി തൂകുന്നു മൊഴിഞ്ഞിടുന്നു
മാന്യരും വന്ദ്യരുമായവരെ

സർവ്വരുമെന്നും വിദ്യാർത്ഥികൾ
അനന്തമാമറിവിൻ കടലിൻ മുന്നിൽ
പൈതലിനുള്ളിലും വിദ്യയുണ്ട്
മാത്രയിൽ പൈതലും അധ്യാപകൻ

## കലികാലം

വേണ്ടെൻ മകനെ തെല്ലുമെ

വിശ്വാസമാരോട് തന്നെയും,
വഞ്ചനയാണു നിൻ ചുറ്റിലും
വഞ്ചകരായ് പലർ കൂടെയും

കലികാലമാണിവിടെ കളവുമാത്രം
മരണമാണിതിനെല്ലാം ശാശ്വതന്ത്യം (2)

കായ്  തന്നെ ഭരണത്തലവനും
കായ് തന്നെ നിയമമിവിടെയും
സമ്പന്നനിന്നിവിടെ ദൈവവും
സമ്പാദ്യമില്ലെങ്കിൽ ഭൃത്യനും

കലികാലമാണിവിടെ കളവുമാത്രം
മരണമാണിതിനെല്ലാം ശാശ്വതന്ത്യം (2)

നേരായ മാർഗം നിന്റേതെങ്കിൽ
ചുറ്റിലും ശത്രുക്കൾ സൈന്യമാകും
തെറ്റായ മാർഗം തിരഞ്ഞെടുത്താൽ

ശത്രുവില്ലാരും മിത്രമാകും .

കലികാലമാണിവിടെ കളവുമാത്രം
മരണമാണിതിനെല്ലാം ശാശ്വതന്ത്യം (2)

# സ്ത്രീയെന്നാൽ

സ്ത്രീയെന്നാൽ പെണ്ണെന്നാൽ
കളിപ്പാട്ടമല്ല കളിപ്പാവയുമല്ല,
സ്ത്രീയെന്നാൽ പെണ്ണെന്നാൽ
തായയും പെങ്ങളുമാണെയ് ...

അവരാരും അടിമയല്ല,
ആരുടേം മാത്രയുമല്ല.
അവകാശം അവർക്കുമുണ്ട്
മിണ്ടാനും ചോദിക്കാനും.

സ്ത്രീയെന്നാൽ പെണ്ണെന്നാൽ
കളിപ്പാട്ടമല്ല കളിപ്പാവയുമല്ല,
സ്ത്രീയെന്നാൽ പെണ്ണെന്നാൽ
തായയും പെങ്ങളുമാണെയ് ...

ബഹുമാനം വേണമെന്നേയ്
തായയാം സ്ത്രീയോട്
സ്നേഹവും വേണമെന്നേയ്
പെങ്ങളാം സ്ത്രീയോട്

സ്ത്രീയെന്നാൽ പെണ്ണെന്നാൽ
കളിപ്പാട്ടമല്ല കളിപ്പാവയുമല്ല,
സ്ത്രീയെന്നാൽ പെണ്ണെന്നാൽ
തായയും പെങ്ങളുമാണെയ് ...

മോശമായ കണ്ണുവേണ്ട
ചിന്തയോ പാടേ വേണ്ട .
കൂപ്പിടും കൈകളാലെ
ബഹുമാനം അർപ്പണം തായേ...